കൊണ്ട് ഗവൺമെന്റ് നേരിട്ടുതന്നെ ആവശ്യമായ നടപടി സ്വീകരിക്കുകയും കൺസിലിയേഷൻ ചർച്ചനടത്തുകയും ചെയ്യുന്നതിന് മുൻകൈയെടുക്കണം. തോട്ടം ലോക്കൗട്ട് ചെയ്ത മാനേജ്മെന്റിന്റെ പേരിൽ നടപടിയെടുക്കണം. അവിടുത്തെ തൊഴിലാളികൾക്ക് വേറൊരു പണിയും ചെയ്യാൻ നിവൃത്തിയില്ല. അവർക്ക് വേറെ വരുമാനമാർഗ്ഗങ്ങളില്ല. അതിനാൽ ആ തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിനെക്കുറിച്ചുകൂടി ഗവൺമെന്റ് ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി. രാമകൃഷ്ണപിള്ള) : പീരുമേട് ഡെപ്യൂട്ടി ലേബർ ഓഫീസറുടെ അധികാരപരിധിയിൽ വരുന്ന 80 ഏക്കറോളമുള്ള അഴങ്ങാട് എസ്റ്റേറ്റിൽ സ്ഥിരമായി തൊഴിലാളികൾക്ക് ജോലി കിട്ടുന്നില്ലെന്ന് ഹൈറേഞ്ച് എസ്റ്റേറ്റ് യൂണിയൻ 3.8.98-ൽ പരാതിപ്പെടുകയുണ്ടായി. സ്ഥിരമായും താൽക്കാലികമായും ഉള്ള തൊഴിലാളികൾ ഉൾപ്പെടെ ഏകദേശം 21 പേരാണ് അവിടെ ജോലിചെയ്യുന്നത്. 8.10.1998-ൽ ഡെപ്യൂട്ടി ലേബർ ഓഫീസർ വിളിച്ചുകൂട്ടിയ അനുരഞ്ജന ചർച്ചയിൽ 150 രൂപ തിരിച്ചുപിടിക്കുമെന്ന വ്യവസ്ഥയിൽ അഡ്വാൻസ് കൊടുക്കാമെന്ന് സമ്മതിച്ചതിനാൽ കൃത്യമായി പണികൾ നടത്താമെന്ന് ധാരണയായി. പിന്നീട് കൃത്യമായി പണി കിട്ടുന്നില്ലെന്ന് പരാതിയുണ്ടായി. അതിൻമേൽ 10.2.1999-ൽ പീരുമേട് ഡെപ്യൂട്ടി ലേബർ ഓഫീസർ വീണ്ടും ഒരു അനുരഞ്ജന ചർച്ചനടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത ചർച്ചയിൽ തൊഴിലുടമ പ്രതിനിധി ഹാജരായില്ല. അതിനാൽ 20.4.1999 -ന് ഒരു അനുരഞ്ജന ചർച്ചകൂടി ഡെപ്യൂട്ടി ലേബർ ഓഫീസറുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർക്കുന്നുണ്ട്. അതുംകൂടി പരാജയപ്പെട്ടാൽ, പ്രസ്തുത ചർച്ചയിൽ തീരുമാനമാകാതെ പിരിഞ്ഞാൽ, ഒരു ഉന്നതതല ചർച്ച നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : പീരുമേട് അഴങ്ങാട് തേയിലത്തോട്ടത്തിലെ തൊഴിലാളികൾക്ക് സൗജന്യറേഷൻ കൊടുക്കുന്ന കാര്യം കൂടി പറഞ്ഞിരുന്നല്ലോ.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, പീരുമേട് അഴങ്ങാട് തേയിലത്തോട്ടത്തിലെ ലോക്കൗട്ട്മൂലം ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് സൗജന്യറേഷൻ കൊടുക്കുന്നതു സംബന്ധിച്ച് ഞാൻ മുഖ്യമന്ത്രിയുമായി സംസാരിച്ചു. 14.4.1999 ന് കൂടുന്ന ക്യാബിനറ്റ് യോഗത്തിൽ ഇതു സംബന്ധിച്ച് ഒരു തീരുമാനമെടുക്കുകയാണ്.

VI. PAPERS LAID ON THE TABLE

Chief Minister (Shri. E.K. Nayanar) Sir, I lay on the Table :

1. G.O. (P) No. 19/99/Vig. dated 17th February, 1999 (S.R.O. No. 152/99).
2. G.O. (P) No. 20/99/Vig. dated 17th February, 1999 (S.R.O. No. 153/99).

Minister for Local Administration (Shri. Paloli Mohammedkutty) : Sir, I lay on the Table :

G.O. (Ms.) No. 108/99/RD. dated 29th March, 1999 (S.R.O. No. 279/99).

LIBRARY ARCHIVES Kerala Legislative Assembly

Minister for Electricity and Co-operation (Shri. S. Sarma) : Sir, I lay on the Table:

1. G.O.(P) No. 1/99/Co-op. dated Ist January, 1999 (S.R.O. No. 77/99).
2. G.O.(P) No. 11/99/Co-op. dated 25th January, 1999 (S.R.O. No. 149/99).
3. G.O.(P) No. 37/99/Co-op. dated 23rd February, 1999 (S.R.O. No. 195/99)

Minister for Finance (Shri. T. Sivadasa Menon) : Sir, I lay on the Table:

1. Report of the Comptroller and Auditor General of India for the year ended 31 March 1998 No.3 (Civil) Government of Kerala.
2. Appropriation Accounts 1997-98, Government of Kerala.
3. Finance Accounts 1997-98, Government of Kerala.
4. Annual Report of Kerala State Beverages (Manufacturing and Marketing) Corporation Limited for the year 1996-97 together with statement showing the reasons for delay in submitting the same.

VII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 1999-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. എളമരം കരീം : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ ഭൂപരിഷ്കരണ ഭേദഗതി നിയമത്തിന് ഇപ്പോൾ ഗവൺമെന്റ് കൊണ്ടുവരുന്ന ഈ ഭേദഗതി നിയമം വർഷങ്ങളായി കോഴിക്കോട് നഗരത്തിലും മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലും നിലനിൽക്കുന്ന കാരായ്മ കുടിയാൻമാരുടെ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ ഉതകുന്നതാണ്. ഈ ബിൽ സഭയിൽ അവതരിപ്പിച്ച വേളയിൽ നടന്ന ചർച്ചയിൽ ബില്ലിലുണ്ടായിരുന്ന ചില ന്യൂനതകൾ സംബന്ധിച്ച് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനാവേള

---

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly